പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 653 — 30.06.2016 -ൽ മറുപടിക്ക്

## എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | ശ്രീ. റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനത്തിന് മുൻ സർക്കാർ എന്തെല്ലാം കർമ്മപദ്ധതിയാണ് തയ്യാറാക്കിയിരുന്നത്; വിശദമാക്കുമോ; | (എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ "തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക"എന്ന ലക്ഷ്യത്തോടു കൂടി 2012-2013 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് "എംപ്ലോയബിലിറ്റി സെന്റർ പദ്ധതി". ടി പദ്ധതി പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ വിവിധ അഭിരുചി പരീക്ഷകൾക്കും, സൈക്കോമെട്രിക് ടെസ്റ്റുകൾക്കും വിധേയമാക്കി അവരുടെ കഴിവും, ന്യൂനതകളും കണ്ടെത്തുകയും, തുടർന്ന് അവരുടെ അഭിരുചിയും യോഗ്യതയും അടിസ്ഥാനമാക്കി ആവശ്യമായ പരിശീലനം നല്കുകയും ചെയ്യുന്നു. |

| | | |
|---|---|---|
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ഥവിദ്യരും, തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ്ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്റർ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നല്കുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പൊതു/സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ടും, ജോബ്ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽനേടിയെടുക്കാൻ അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യം. |

---------

| | | | |
|---|---|---|---|
| (സി) | പദ്ധതിനടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയത്; വിശദമാക്കാമോ ; | (സി) | പദ്ധതി പ്രകാരം നാളിതുവരെ കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ 7 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 2015-2016 സാമ്പത്തികവർഷം മലപ്പുറം, തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്ററുകൾ ഈ സാമ്പത്തികവർഷം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. 2016-2017 സാമ്പത്തികവർഷം തിരുവനന്തപുരം, കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) | കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ 7 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം പ്രവർത്തനം ആരംഭിച്ചിട്ടുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ വഴി 2016 മെയ് മാസം വരെ 33,472 ഉദ്യോഗാർത്ഥികളെ അസ്സസ്സ് ചെയ്യുകയും, 33,248 പേർക്ക് പരിശീലനം നല്കുകയും 29,028 പേർക്ക് തൊഴിൽ ഓഫർ ലെറ്റർ നല്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ